**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3992** — **06-08-2021 - ൽ മറുപടിയ്ക്ക്**

**സാംസ്കാരിക വകുപ്പിന് കീഴിൽ അനുവദിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri Saji Cherian**<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ചു വർഷം സാംസ്കാരിക വകുപ്പിന് കീഴിൽ അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികളും അവയ്ക്ക് അനുവദിച്ച തുകയും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ? | (എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച യുവകലാകാരന്മാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് പദ്ധതിയുടെ ഭാഗമായി അമ്പലപ്പുഴ മണ്ഡലത്തിൽ 4 കലാകാരന്മാരെ നിയോഗിക്കുകയും പ്രസ്തുത കലാകാരന്മാർ അമ്പലപ്പുഴ ബ്ലോക്ക് പഞ്ചായത്തിനു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ വിവിധ കലാരൂപങ്ങളിൽ കലാപരിശീലനം നൽകുകയും ചെയ്യുന്നുണ്ട്. ഓരോ കലാകാരനും 10,000/- രൂപ സാംസ്കാരിക വകുപ്പിൽ നിന്നും 5000/- രൂപാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ഉൾപ്പെടെ പ്രതിമാസം 15,000/- രൂപ ഫെല്ലോഷിപ്പായി നൽകി വരുന്നുണ്ട്. സാംസ്കാരിക വകുപ്പിനുകീഴിൽ 1967ൽ സ്ഥാപിതമായി അമ്പലപ്പുഴയിൽ പ്രവർത്തിച്ചുവരുന്ന കുഞ്ചൻനമ്പ്യാർ സ്മാരകം, കുഞ്ചൻനമ്പ്യാരുടെ സ്മരണ നിലനിർത്തുന്നതിനും തുള്ളൽ കലയെ പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധങ്ങളായ സാംസ്കാരിക പ്രവർത്തനങ്ങളും ഇടപെടലും നടത്തി വരുന്നു. കേരളത്തിലെ മികച്ച തുള്ളൽ കലാകാരന് കുഞ്ചൻനമ്പ്യാർ പുരസ്കാരം നൽകി ആദരിക്കുന്നു. കൂടാതെ ഹാസ്യ കലയ്ക്ക് നൽകുന്ന സംഭാവനയെ മാനിച്ച് മികച്ച ഹാസ്യ പ്രതിഭയ്ക്ക് ഹാസ്യ പ്രതിഭാ പുരസ്കാരം നൽകി ആദരിക്കുന്നു. കുഞ്ചൻ നമ്പ്യാരുടെ കവിതകളും തുള്ളൽ കലയും കുട്ടികളെ പരിചയപ്പെടുത്തുന്നതിനായി 'തുള്ളൽ കല ജനങ്ങളിലേയ്ക്ക്' എന്ന പേരിൽ ജില്ലയിലെ വിവിധ സ്കൂളുകളിൽ ക്ലാസ്സുകളും തുള്ളൽ അവതരണങ്ങളും നടത്തി വരുന്നു. 1967 ൽ പണിപൂർത്തീകരിച്ച ഓഫീസ് കെട്ടിടത്തിന്റെ പുനർനിർമാണത്തിനായി അമ്പലപ്പുഴ എം.എൽ.എ.യും മന്ത്രിയുമായിരുന്ന ശ്രീ. ജി. സുധാകരന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കേരള സാക്ഷരതാ സമിതിയുടെ പരിപാടിയുടെ ഭാഗമായി 14.11.2017ന് |

| | | | |
|---|---|---|---|
| | | | അമ്പലപ്പുഴ തുടർ വിദ്യാകേന്ദ്രത്തിലും കുടുംബശ്രീ മിഷന്റെ ഭാഗമായി 07.03.2018ന് അമ്പലപ്പുഴ ഇം.എം.എസ്. ഹാളിലും, കുഞ്ചൻ നമ്പ്യാർ സ്മാരകത്തിലും സാംസ്കാരിക വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയുടെ ടൂറിംഗ് ടാക്കീസ് സിനിമാ പ്രദർശനങ്ങൾ സംഘടിപ്പിച്ചു. |

സെക്ഷൻ ഓഫീസർ